**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - തഴവ ഗ്രാമപഞ്ചായത്ത് 2006-07 - വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.4 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം. 2630/12/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/09/2012**

---

**പരാമർശം:-**
1) **തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/11/2011-ലെ ടി-5382/2008 നമ്പർ കത്ത്.**
2) **ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 13/08/2012- ലെ LF-608/P.T1/12 നമ്പർ കത്ത്.**

## <u>ഉത്തരവ്</u>

**തഴവ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം പാർപ്പിട പരിസര വികസനം എന്ന പ്രോജക്ടിൽ പാർപ്പിട പരിസരം മണ്ണിട്ട് ഉയർത്തുന്നതിന് 30 ഗുണഭോക്താക്കൾക്ക് 3,000/- (മൂവായിരം) രൂപ വീതം ആകെ 90,000/- (തൊണ്ണൂറായിരം രൂപ മാത്രം) രൂപ ചെലവഴിച്ചിട്ടുള്ളത് സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടായതിനാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.**

**ടി പ്രവർത്തി നടപ്പിലാക്കിയത് വഴി 30 കുടുംബങ്ങളുടെ ഭവന പരിസരം ഉയർത്തിയത് വഴി വെള്ളം കെട്ടി നിൽക്കുന്ന സാഹചര്യം ഒഴിവാക്കി ആൾക്കാരുടെ ക്ഷേമം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുള്ളതാണെന്നും ടി സമയം മാർഗ്ഗരേഖാ ലംഘനം ശ്രദ്ധയിൽപ്പെട്ടിരുന്നില്ലെന്നും പ്രവൃത്തിയിൽ ലക്ഷ്യം പൂർണ്ണമായി കൈവരിച്ച സാഹചര്യത്തിൽ ടി നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന തഴവ ഗ്രാമപഞ്ചായത്തിന്റെ 31/10/2011-ലെ 22-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം**

ഒന്ന് പ്രകാരം സർക്കാരിൽ അപേക്ഷിച്ചിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം രണ്ടിലെ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ വിശദീകരണം കണക്കിലെടുത്ത് ടി നടപടിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തഴവ ഗ്രാമപഞ്ചായത്തിന്റെ 2006-07 വർഷ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.4 പ്രകാരം തടസ്സപ്പെടുത്തിയ പാർപ്പിട പരിസര വികസനം എന്ന പ്രോജക്ടിന് സബ്സിഡി മാർഗ്ഗരേഖ ലംഘിച്ച് 90,000/- രൂപ (തൊണ്ണൂറായിരം രൂപ മാത്രം) ചെലവഴിച്ച തഴവ ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
തഴവ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ